**ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകപ്പിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനായി ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ 21.06.2023-ന് ഡയറക്ടറേറ്റിലെ കോൺഫറൻസ് ഹാളിൽ ചേർന്ന ദ്വൈമാസ യോഗത്തിന്റെ മിനിട്സ്**

യോഗം രാവിലെ 10.30-ന് ആരംഭിച്ചു.

യോഗത്തിൽ പങ്കെടുത്തവരുടെ പേരു വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.

യോഗത്തിൽ പങ്കെടുത്തവരെ ബഹു.ഡയറക്ടർ സ്വാഗതം ചെയ്തു. തുടർന്ന് 04/06/2022 - ന് ചേർന്ന യോഗതീരുമാനങ്ങളുടെ ആക്ഷൻ റിപ്പോർട്ട് വായിച്ച് ഓരോ വിഷയവും വിശദമായി ചർച്ച ചെയ്യുകയുണ്ടായി.

യോഗത്തിൽ ചർച്ച ചെയ്ത വിഷയങ്ങളും ആയതിന്മേൽ എടുത്ത തീരുമാനങ്ങളും ചുവടെ ചേർക്കുന്നു.

| | **ചർച്ച ചെയ്ത വിഷയം** | **തീരുമാനം** |
|---|---|---|
| 1. | **ഓൺലൈൻ ട്രാൻസ്ഫർ**<br>04/06/2022-ൽ നടന്ന അവലോകന യോഗത്തിൽ ഓൺലൈൻ ട്രാൻസ്ഫറുമായി ബന്ധപ്പെട്ട ജീവനക്കാരുടെ സ്റ്റാറ്റസ് സ്പാർക്കിൽ അപ്ഡേറ്റ് ചെയ്യണമെന്ന് ഡയറക്ടറേറ്റിൽ നിന്ന് നിർദ്ദേശം നൽകിയിരുന്നു. അതിൻപ്രകാരം വകപ്പിലെ പ്രഥമ ഓൺലൈൻ ട്രാൻസ്ഫർ നടത്തുകയുണ്ടായി. ഓൺലൈൻ ട്രാൻസ്ഫർ നടത്തിയപ്പോൾ ചില സ്ഥാപനങ്ങൾ പൂർണ്ണമായി ജീവനക്കാരുടെ ഡാറ്റ് അപ്ഡേറ്റ് ചെയ്യുന്നതിൽ വീഴ്ചവരുത്തിയതിനാൽ ട്രാൻസ്ഫർ നടപടികളിൽ പല സാങ്കേതിക ബുദ്ധിമുട്ടുകളും ഉണ്ടായി. | (1) ജീവനക്കാരുടെ ഡേറ്റാ ഇനിയും കൃത്യമായി സ്പാർക്കിൽ അപ്ഡേറ്റ് ചെയ്യാത്ത സ്ഥാപന മേധാവികൾക്ക് എതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്<br>**( നടപടി- ഡയറക്ടർ)**<br>(2) രണ്ടാഴ്ചയ്ക്കുള്ളിൽ എല്ലാ ഓഫീസ് മേധാവികളും ജീവനക്കാരുടെ സ്പാർക്ക് വിവരങ്ങൾ പരിശോധിക്കേണ്ടതും സ്പാർക്കിൽ കൃത്യമായി ആവശ്യമായ വിവരങ്ങള് അപ്ഡേറ്റ് ചെയ്ത് റിപ്പോർട്ട് ഡയറക്ടറേറ്റിൽ ലഭ്യമാക്കേണ്ടതാണ്. **(നടപടി - ബന്ധപ്പെട്ട റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർ)** |
| 2. | **ആഭ്യന്തര ഓഡിറ്റ്**<br>ഓഡിറ്റ് നടന്നിട്ടും പല സ്ഥാപനങ്ങളും ആഡിറ്റ് റിപ്പോർട്ട് സമയബന്ധിതമായി അയച്ചു നൽകിയിട്ടില്ല. ഉത്തരമേഖല റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ പരിധിയിലുള്ള സ്ഥാപനങ്ങളിൽ കൃത്യമായി ആഭ്യന്തര പരിശോധന നടക്കുന്നുണ്ട്. ഇക്കാര്യത്തിൽ ഉത്തരമേഖല റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറെ ഡയറക്ടർ അഭിനന്ദിക്കുകയുണ്ടായി. മറ്റു രണ്ട് സോണുകളും ഓഡിറ്റ് ആഭ്യന്തര ഓഡിറ്റ് പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തണമെന്ന് ഡയറക്ടർ നിർദ്ദേശിച്ചു. നാളിതുവരെ 8 | (1) ഓഡിറ്റ് നടന്നിട്ടും ഓഡിറ്റ് റിപ്പോർട്ട് നൽകാത്ത സ്ഥാപനങ്ങൾ പരമാവധി എല്ലാ ഖണ്ഡികകളും തീർപ്പാക്കിയതിന്ശേഷം ന്യൂനത പരിഹാര റിപ്പോർട്ട് (Excel Sheet-ൽ സമർപ്പിക്കേണ്ടതാണ് കൂടാതെ Soft കോപ്പി e-mail മുഖേനയും അയയ്ക്കേണ്ടതാണ് **( നടപടി- ബന്ധപ്പെട്ട സ്ഥാപന മേധാവികൾ)**<br>(2) പുതിയതായി ആരംഭിച്ച ഓഫീസുകളില് ആദ്യ ഓഡിറ്റ് ഡയറക്ടറേറ്റില് നിന്നും മാത്രമേ നടത്താന് പാടുള്ളൂ എന്ന് തീരുമാനിച്ചു. |

| | | |
|---|---|---|
| | സ്ഥാപനങ്ങളിൽ ഓഡിറ്റ് നടത്തിയിട്ടില്ലായെന്നും ടി സ്ഥാപനങ്ങളിലെ ആഭ്യന്തര ഓഡിറ്റ് ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും നടത്തേണ്ടതാണെന്നും അതിനു ശേഷമുള്ള ഓഡിറ്റുകൾ ബന്ധപ്പെട്ട റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്ക് നടത്താവുന്നതാണെന്നും ഡയറക്ടർ നിർദ്ദേശിച്ചു. | |
| 3. | **CGHS-Rate decleration**<br>ഐ.പികളുടെ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് അപേക്ഷകൾ സമർപ്പിക്കുമ്പോൾ " CGHS നിരക്കിലുള്ള റീ ഇംബേഴ്സ്മെന്റ് തുക മാത്രമെ ക്ലയിം ചെയ്യുകയുള്ളൂ " എന്നുള്ള ഇ.എസ്.ഐ ഗുണഭോക്താവിന്റെ സത്യപ്രസ്താവന നിർബന്ധമായും അപേക്ഷയോടൊപ്പം ഉൾപ്പെടുത്തേണ്ടതാണെന്ന് ഡയറക്ടർ നിർദ്ദേശിച്ചു | ഐ പി കളുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് അപേക്ഷകൾ സമർപ്പിക്കുമ്പോൾ "CGHS നിരക്കിലുള്ള റീ-ഇംബേഴ്സ്മെന്റ് തുക മാത്രമേ ക്ലയിം ചെയ്യുകയുള്ളൂ " എന്നുള്ള ഇ.എസ്.ഐ ഗുണഭോക്താവിന്റെ സത്യപ്രസ്താവന നിർബന്ധമായും അപേക്ഷയോടൊപ്പം ഉൾപ്പെടുത്തേണ്ടതാണ്. ആയത് നിഷ്കർഷിക്കുന്ന ഉത്തരവ് പുറപ്പെടുവിയ്ക്കേണ്ടതാണ്.<br>**(നടപടി -ഡയറക്ടർ)** |
| 4. | **CGHS-Rate-കൾ തമ്മിലുള്ള അന്തരം**<br>നിലവിൽ CGHS - കേരള റേറ്റും ഡൽഹിറേറ്റുമാണ് ഉള്ളത്. പലസ്ഥാപനങ്ങളിലും രണ്ട് CGHS റേറ്റും നിരക്കിലും ബില്ലുകൾ പാസ്സാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിൽ വ്യക്തത വരുത്തി ഡയറക്ടറേറ്റിൽ നിന്നും സർക്കുലർ നൽകുന്നതായിരിക്കുമെന്ന് ഡയറക്ടർ അറിയിച്ചു | CGHS കേരള റേറ്റും ഡൽഹി റേറ്റും സംബന്ധിച്ച് വ്യക്തത വരുത്തുന്നതിന് ഡയറക്ടറേറ്റിൽ നിന്നും സർക്കുലർ പുറപ്പെടുവിക്കുന്നതാണ്.<br>**(നടപടി - ഡയറക്ടർ)** |
| 5. | **Procedure-കളുടെ പേരുമാറ്റം സംബന്ധിച്ച്.**<br>പ്രൊസീജിയറുകൾ ചെയ്യുമ്പോൾ First, Second എന്ന് ചെയ്യാതെ മേജർ, മൈനർ പ്രൊസീജിയറുകൾ എന്ന രീതിയിൽ പ്രൊസീജിയറുകൾ ചെയ്യേണ്ടതാണെന്ന് ഡയറക്ടർ ഓർമ്മപ്പെടുത്തി. | പ്രൊസീജർ ചെയ്യുമ്പോൾ first, second എന്ന് രേഖപ്പെടുത്തുന്നതിനുപകരം major, minor procedure എന്ന രീതിയിൽ രേഖപ്പെടുത്തേണ്ടതാണ് **(നടപടി- ബന്ധപ്പെട്ട സ്ഥാപന മേധാവികൾ)** |
| 6. | **കോഡുകളുടെ എണ്ണം സംബന്ധിച്ച്.**<br>ഐ.പി.കളുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റുമായി ബന്ധപ്പെട്ട് ബില്ലുകളിൽ കോഡുകളുടെ എണ്ണം കൂടുതലാണ്. | മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ബില്ലുകൾ സമർപ്പിക്കുമ്പോൾ കോഡുകളുടെ എണ്ണം കഴിവതും കുറയ്ക്കേണ്ടതാണ്. **((നടപടി- ബന്ധപ്പെട്ട സ്ഥാപന മേധാവികൾ)** |
| 7. | **ജീവനക്കാരുടെ നിയമനം/ അറ്റകുറ്റപണികൾ**<br>ഓരോ ആശുപത്രികളുടേയും പരിമിതികൾ അറിയിക്കാൻ ഡയറക്ടർ അനുവാദം നൽകി. മിക്ക ആശുപത്രികളിലും സ്റ്റാഫുകളുടെ കുറവും അലോട്ടാമെന്റ് ലഭ്യതയില്ലായ്മ, കെട്ടിടങ്ങളുടെ | (1) ജനറൽ ട്രാൻസ്ഫർ നടപടി ക്രമങ്ങൾ കഴിഞ്ഞ തിനുശേഷം ഓരോ തസ്തികയിലുമുള്ള വേക്കൻസികൾ റിപ്പോർട്ട് ചെയ്യേണ്ടതാണ്.<br>**((നടപടി- ബന്ധപ്പെട്ട സ്ഥാപന മേധാവികൾ)**<br>(2) പി.എസ്.സി ലിസ്റ്റ് നിലവിലില്ലാത്ത |

| | | |
|---|---|---|
| | ശോചനീയാവസ്ഥ മുതലായവയാണ് യോഗത്തിൽ പ്രധാനമായും ഉന്നയിച്ചത്.<br><br>Drugs & Dressings, POL എന്നിവ ഒഴികെ ബാക്കിയെല്ലാ ഹെഡിലും അലോട്ട്മെന്റ് അനുവദിച്ചിട്ടുണ്ടെന്നും കെട്ടിടങ്ങളുടെ ശോചനീയാവസ്ഥ സംബന്ധിച്ച് ഇ.എസ്.ഐ കോർപ്പറേഷനും സംസ്ഥാന പൊതുമരാമത്ത് വകുപ്പും തമ്മിൽ ചർച്ച നടത്തുകയും നടപടി ക്രമങ്ങൾ അതിന്റെ അന്തിമ ഘട്ടത്തിലാണെന്നും ഫറോക്ക് ആശുപത്രികൾക്ക് സ്റ്റേഷനറി സാധനങ്ങൾ കോഴിക്കോട് ഗവൺമെന്റ് പ്രസ്സിൽ നിന്ന് നേരിട്ട് ഇൻഡന്റ് ചെയ്ത് സാധനങ്ങൾ വാങ്ങാമെന്നും ഡയറക്ടർ അറിയിക്കുകയുണ്ടായി | ജില്ലകളിൽ എംപ്ലോയ്മെന്റ് മുഖേന ഒഴിവുകൾ നികത്താനുള്ള അടിയന്തര നടപടി സ്വീകരിക്കേണ്ടതാണും റിപ്പോർട്ട് ഒരാഴ്ചയ്ക്കകം ഡയറക്ടറേറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ് **((നടപടി- ബന്ധപ്പെട്ട സ്ഥാപന മേധാവികൾ)**<br>(3) NAC ലഭ്യമാകാത്ത ജില്ലകളിൽ ആയത് എത്രയും വേഗം ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.<br>**(നടപടി - ബന്ധപ്പെട്ട റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർ)** |
| 8 | എംപാനൽ ചെയ്ത ആശുപത്രികൾക്ക് ഉള്ള കുടിശ്ശിക തീർക്കുന്നതിന് സ്പെഷ്യൽ തീർപ്പാക്കൽ നടത്തുന്നത് സംബന്ധിച്ച് | എംപാനൽ ചെയ്ത ആശുപത്രികൾക്ക് ഉള്ള കുടിശ്ശിക തീർക്കുന്നതിന് സ്പെഷ്യൽ തീർപ്പാക്കൽ നടത്തേണ്ടതാണ്. (ആശുപത്രി സൂപ്രണ്ടുമാർക്ക് വിശദമായ സർക്കുലർ ഡയറക്ടറേറ്റിൽ നിന്നും നൽകുന്നതാണ്.)<br>**(നടപടി - ഡയറക്ടർ)** |
| 9 | **<u>ആശുപത്രികളിലെ അപര്യാപ്തതകൾ</u>**<br><u>വടവാതൂർ ഇ.എസ്.ഐ ആശുപത്രി</u><br>ജനറൽ സർജൻ ട്രാൻസ്ഫർ ചെയ്യപ്പെട്ടതിനാൽ വിലപിടിപ്പുള്ള ഉപകരണം പ്രവർത്തനക്ഷമമല്ലാതെ ഇരിക്കുന്ന സാഹചര്യം ഉണ്ട് എന്ന് വടവാതൂർ ഇ.എസ്.ഐ ആശുപത്രി സൂപ്രണ്ട് അറിയിച്ചു<br><br><u>എറണാകുളം ഇ.എസ്.ഐ ആശുപത്രി</u><br>എക്സ്റെ മെഷീൻ ഏത് സമയവും പ്രവർത്തനരഹിതമാകാൻ സാധ്യതയുണ്ടെന്ന് എറണാകുളം ഇ.എസ്.ഐ ആശുപത്രി സൂപ്രണ്ട് അറിയിച്ചു<br><br><u>മുളങ്കുന്നത്തുകാവ് ആശുപത്രി</u><br>ആയുർവേദ യൂണിറ്റിലെ 20 ബെഡ് 30 ബെഡ് | ജനറൽ സർജനെ പാലക്കാട് ഇ.എസ്.ഐ ആശുപത്രിയിലേക്ക് ട്രാൻസ്ഫർ ചെയ്യപ്പോൾ ഉണ്ടായിരുന്ന ഉപയോഗ്യമല്ലാത്ത വിലപിടിപ്പുള്ള ഉപകരണം പാലക്കാട് ഇ.എസ്.ഐ ആശുപത്രിയിലേക്ക് ട്രാൻസ്ഫർ ചെയ്യേണ്ടതാണ്.<br>**(നടപടി- ബന്ധപ്പെട്ട സ്ഥാപന മേധാവികൾ)**<br><br>എറണാകുളം ഇ.എസ്.ഐ ആശുപത്രിയിലെ എക്സ്റേ മെഷീൻ ഉപയോഗപ്രദമാക്കുന്നതിനും പാലക്കാട് ഇ.എസ്.ഐ ആശുപത്രിയിലേക്ക് ട്രാൻസ്ഫർ ചെയ്ത പോർട്ടബിൾ എക്സ്റേ മെഷീന് AMC പുതുക്കുന്നതിനും ഫണ്ട് അനുവദിക്കേണ്ടതാണ്.<br>**(നടപടി - ഡയറക്ടർ)**<br>മുളങ്കുന്നത്തുകാവ് ഇ.എസ്.ഐ ആശുപത്രിയിലെ ആയുർവേദ യൂണിറ്റിലെ 20 ബെഡ് 30 ബെഡ് ആക്കാൻ വേണ്ടി സർക്കാരിലേയ്ക്ക് ശിപാർശ സമർപ്പിച്ചിട്ടുണ്ട്. ആയതിന്മേലുള്ള നടപടി |

| | | |
|---|---|---|
| | ആക്കാൻ വേണ്ടി സമർപ്പിച്ച ശിപാർശയിന്മേലുള്ള തീരുമാനം | ത്വരിതപ്പെടുത്തേണ്ടതാണ് **(നടപടി - ഡയറക്ടർ)**<br><br>പി.എസ്.സി യുമായി ബന്ധപ്പെട്ട തുടർ നടപടി സ്വീകരിക്കേണ്ടതാണ്. **(നടപടി - ഡയറക്ടർ)** |
| | <u>തോട്ടട ഇ.എസ്.ഐ ആശുപത്രി</u><br>ലാബ് ടെക്നീഷ്യന്റെ ഒഴിവ് ആശുപത്രിയുടെ പ്രവർത്തനത്തെ ബാധിക്കുന്നുവെന്നും തോട്ടട ഇ.എസ്.ഐ ആശുപത്രി സൂപ്രണ്ട് അറിയിച്ചു<br><br><u>പാലക്കാട് ഇ.എസ്.ഐ ആശുപത്രി</u> നിലവിലുള്ള എക്സ്റെ മെഷീൻ പ്രവർത്തനരഹിതമാണെന്ന് പാലക്കാട് ഇ.എസ്.ഐ ആശുപത്രി സൂപ്രണ്ട് അറിയിച്ചു. | പാലക്കാട് ഇ.എസ്.ഐ ആശുപത്രിയിൽ നിലവിലുള്ള എക്സറേ മെഷീൻ കാലാവധി കഴിഞ്ഞ തിനാൽ പുതിയ മെഷീന് ശിപാർശ നൽകേണ്ടതാണ് **((നടപടി- ബന്ധപ്പെട്ട സ്ഥാപന മേധാവി)** |
| | <u>ഫറോക്ക് ഇ.എസ്.ഐ ആശുപത്രി</u><br>ലോക്കൽ പർച്ചേസ് നടത്തിയ വകയിൽ 25 ലക്ഷം രൂപ കുടിശ്ശിക ഉണ്ടെന്നും Mediff software പ്രവർത്തനരഹിതമാണെന്നും ഫറോക്ക് ഇ.എസ്.ഐ ആശുപത്രി സൂപ്രണ്ടും അറിയിക്കുകയുണ്ടായി. | ഫറോക്ക് ഇ.എസ്.ഐ ആശുപത്രിയിൽ റേഡിയോളജിസ്റ്റിനെ നിയമിച്ചിട്ടുണ്ട്. എന്നാൽ റേഡിയോളജിസ്റ്റ് ലീവിൽ ആണ്. ലീവ് കഴിഞ്ഞ് ജോലിയിൽ പ്രവേശിക്കുന്ന മുറയ്ക്ക് ഓഫ്‌ലൈൻ പരിശോധന നടത്തുന്നതാണ്. ആയതിനാൽ Mediff software റിപ്പയർ ചെയ്യേണ്ട ആവശ്യകത നിലവിൽ ഇല്ല. |